# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2072 — 05.05.2017-ൽ മറുപടിയ്ക്ക്

## പണ്ഡിറ്റ് കറുപ്പൻ സ്മാരക നിർമ്മാണം

**ചോദ്യം**

ശ്രീ.എസ്.ശർമ്മ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരക നിർമ്മാണത്തിന് സംസ്ഥാന ബജറ്റിൽ അനുവദിച്ച തുക സാംസ്കാരിക വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനായി പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി സർക്കാരിൽ അപേക്ഷ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരക നിർമ്മാണത്തിന് 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 50 ലക്ഷം രൂപ ധനസഹായം അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചു കൊണ്ടുള്ള പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി ചെയർമാൻ/സെക്രട്ടറിയുടെ നിവേദനം സർക്കാരിൽ 29.03.2017-ൽ 1330097/2017 നമ്പർ തപാലായി ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷയിന്മേൽ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;<br>(സി) തുക അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ? | (ബി) & (സി) ടി നിവേദനം സർക്കാരിൽ എ 2/104/2017/സാം.കാ.വ നമ്പർ ഫയലായി പരിശോധിച്ചു വരുന്നു. ടി നിവേദനത്തിലെ ആവശ്യങ്ങൾ പരിഗണിക്കുന്നതിനായി ധനവകുപ്പിലേക്കയയ്ക്കുകയും ധനവകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് കറുപ്പൻ സ്മാരക നിർമ്മാണത്തിന് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച വിശദ വിവരങ്ങൾ, കെട്ടിടം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പ്ലാനും, കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സ്ഥാപനത്തിന് അനുവദിച്ചിരുന്ന ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ സർക്കാരിൽ ഹാജരാക്കുവാൻ പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ